നമ്പർ:IV05-70/23　　　　　　　　　　　　　തീയ്യതി: 13/03/2024

പ്രേഷകൻ,

അനിൽകുമാർ.പി
ഇന്റേണൽ വിജിലൻസ് ഓഫീസർ-5,
തദ്ദേശ സ്വയംഭരണ വകുപ്പ്,
കണ്ണൂർ.

സ്വീകർത്താവ്
ശ്രീമതി. ശ്യാമള.ടി.ആർ,
തെക്കിനിയിൽ,അമ്പലത്തട്ട്
വിളമന,ഇരിട്ടി-670703

സർ,

വിഷയം:- പായം ഗ്രാമപഞ്ചായത്ത് കെട്ടിട നമ്പർ അനുവദിക്കാത്തത് - സംബന്ധിച്ച്.
സൂചന :- താങ്കൾ സ്ഥിരം അദാലത്ത് ഉപസമിതിയില് സമർപ്പിച്ച പരാതി.

. പായം ഗ്രാമപഞ്ചായത്ത് വിളമന വില്ലേജിൽ സർവ്വേ നമ്പർ 2 ല് 3.34 ആർ സ്ഥലത്ത് ശ്യാമള.ടി.ആർ എന്നവർ നിർമ്മിച്ച റെസിഡൻഷ്യല് കെട്ടിടത്തിന് നമ്പർ അനുവദിക്കുന്നില്ല എന്നതാണ് പരാതി.അദാലത്തിലേക്ക് സമർപ്പിച്ച സെക്രട്ടറിയുടെ നം 2024/162(1) തീയ്യതി 01/02/2024 നോട്ടീസിൽ

1) സ്ഥലപരിശോധനയിൽ താങ്കളുടെ പ്ലോട്ടുമായി അതിർത്തി പങ്കിടുന്ന പുതുശ്ശേരി രോഹിണി എന്നവർ 07/11/2023 ന് പ്രസ്തുത പ്ലോട്ടിൻറെ അതിർത്തി സംബന്ധിച്ച് തർക്കം നിലനിൽക്കുന്നതായി കാണിച്ച് പരാതി സമർപ്പിച്ചിരുന്നു പ്രസ്തുത പരാതി പരിഹരിച്ചിട്ടില്ല.

2) ടി കെട്ടിട നിർമ്മാണ അനുമതി നല്കിയിരുന്ന സമയത്ത് താങ്കള് സമർപ്പിച്ച സൈറ്റ് പ്ലാനും ഇപ്പോൾ ഹാജരാക്കിയ പൂർത്തീകരണ സൈറ്റ് പ്ലാനും തമ്മില് വ്യത്യാസമുണ്ട്(പ്ലോട്ടിൻറെ തെക്കുഭാഗത്ത് വഴി മേൽ കാണിച്ച സൈറ്റ് പ്ലാനുകളില് രേഖപ്പെടുത്തിയിരിക്കുന്നത് വ്യത്യാസമായിട്ടാണ്). നിലവിൽ അതിർത്തിതർക്കമുള്ളത് ഈ വഴി സംബന്ധിച്ചാണ് എന്നും കാണുന്നു.ആയതിനാൽ ടി സാഹചര്യത്തില് പരാതി നിലനിൽക്കുന്നതിനാല് റവന്യൂ അധികാരികളിൽനിന്ന് വ്യക്തമായ അതിർത്തി രേഖപ്പെടുത്തി പരാതി പരിഹരിച്ചതിന് ശേഷമേ ഒക്യുപ്പെൻസി നല്കുന്നതിന് നടപടി സ്വീകരിക്കാന് കഴിയൂ എന്ന് പായം ഗ്രാമപഞ്ചായത്ത് സെക്രട്ടറി 2024/162(1) തീയ്യതി 01/02/2024 നമ്പർ പ്രകാരം ശ്യാമള.ടി.ആർ എന്നവർക്ക് അറിയിപ്പ് നല്കിയിട്ടുണ്ട്.

സ്ഥിരം അദാലത്ത് ഉപസമിതി അംഗങ്ങളും, പായം ഗ്രാമപഞ്ചായത്ത് ഓവർസിയർ സെക്ഷന് ക്ലാർക്ക് എന്നിവർ അപേക്ഷകയായ ശ്യാമള.ടി.ആർ എന്നവരുടെ സാന്നിദ്ധ്യത്തിൽ സ്ഥല പരിശോധന നടത്തി.

സ്ഥലപരിശോധനയിൽ ശ്യാമള.ടി.ആർ എന്നവരുടെ തെക്കുവശത്തെ പ്ലോട്ട് അതിർത്തി വെള്ളുവ വീട്ടില് ശ്രീധരന് എന്നവരുടേതാണെന്നും ടി വ്യക്തിയുമായി അതിർത്തി സംബന്ധിച്ച് തർക്കമോ മറ്റ് വ്യവഹാരങ്ങളോയില്ലായെന്നും, നിർമ്മാണം പൂർത്തിയായ ശ്യാമള എന്നവരുടെ കെട്ടിടത്തിന് നമ്പർ, ഒക്യുപ്പെൻസി അനുവദിക്കുന്നതിന് സമ്മതപത്രവും വെള്ളുവ വീട്ടിൽ ശ്രീധരന് എന്നവർ 21/02/2024 ന് പായം ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് സമർപ്പിച്ചിട്ടുണ്ട്.

ശ്യാമള ടി ആർ എന്നവരുടെ പ്ലോട്ടിന്റെ തെക്ക് ഭാഗത്ത് പുതുശ്ശേരി രോഹിണി എന്നവരുടെ ഉടമസ്ഥതയിൽ സ്ഥലം ഇല്ല എന്നത് സ്ഥല പരിശോധനയിലും അപേക്ഷയോടൊപ്പം സമർപ്പിച്ച ആധാരത്തിന്റെ പകർപ്പിലും രേഖപ്പെടുത്തിയിട്ടില്ല എന്ന കാര്യം സമിതിക്ക് ബോധ്യപെട്ടിട്ടുണ്ട്.

A2-BA.259813/2018 തീയ്യതി 10/08/2018 അപേക്ഷപ്രകാരം 181.83 M2 തറവിസ്തീർണ്ണത്തിലുള്ള റെസിഡൻഷ്യൽ കെട്ടിടനിർമ്മാണം ശ്യാമള ടി ആർ എന്നവർക്ക് 05/11/2018 ന് പായം ഗ്രാമപഞ്ചായത്ത് സെക്രട്ടറി റെഗുലറൈസ് ചെയ്തതായി കാണുന്നു.അദാലത്തിലേക്ക് സമർപ്പിച്ച രേഖകൾ പ്രകാരം 06/01/2017 ല്

1) കല്ല്യാണി അമ്മ, 2) സജി, 3) ശ്യാമള 4) ശ്രീധരൻ,5) രോഹിണി,6) സദാനന്ദൻ,7) മോഹനൻ,8)കൃഷ്ണൻ നമ്പ്യാർ, 9) പത്മിനി എന്നിവർ ചേർന്ന് ഒരു കരാറില് ഏർപ്പെട്ടിരുന്നുഎന്നും അതു പ്രകാരം 1 ആം നമ്പറുകാരിയുടെ വസ്തുവിൻറെ കിഴക്ക് ഭാഗത്തുള്ള പഞ്ചായത്ത്

റോഡിൽനിന്ന് ആരംഭിച്ച് ടിയാളുകളുടെ പരസ്പര ആവശ്യത്തിനായി നിർമ്മിച്ച 8 അടി വീതിയിലുള്ള റോഡായും നടപ്പ് വഴിയായും ഉപയോഗിച്ചു വരുന്ന മാർഗ്ഗം പരസ്പരം കെട്ടി യടക്കാനോ,തടസ്സപ്പെടുത്താനോ പാടില്ലായെന്നുമാണ് പ്രധാനമായും കരാറില് വ്യവസ്ഥ ചെയ്തിരിക്കുന്നത്.പ്രസ്തുത വാസഗൃഹത്തിൻറെ തെക്കുവശത്ത് ശ്യാമളയുടെ ഉടമസ്ഥതയിലുള്ള സ്ഥലത്തുകൂടെ പുതുശ്ശേരി രോഹിണി എന്നവരുടെ പറമ്പിലേക്ക് പ്രവേശിക്കുന്നതിനുള്ള മാർഗ്ഗം തടസ്സം ശ്യാമള ഉണ്ടാക്കരുതെന്നാണ് കരാർ വ്യവസ്ഥ.എന്നാൽ ടി കരാർ റജിസ്ട്രേഷൻ നടത്തിയതായി കാണുന്നില്ല.ആയതിലെ 4ആം നമ്പറുകാരന് ശ്രീധരന് എന്നവർ കരാറില് ഒപ്പുവെച്ചതായി കാണുന്നില്ല.

ടി വശത്ത്(തെക്ക്) പുതുശ്ശേരി രോഹിണി എന്നിവരുടെ പേരിൽ സ്ഥല അതിരില്ല. ശ്യാമള.ടി ആർ എന്നവരുടെ തെക്കു വശത്തെ പ്ലോട്ടുടമ ശ്രീധരൻ എന്നവർ അതിർത്തി തർക്കമില്ലായെന്നും, ശ്യാമള.ടി ആർ എന്നവർക്ക് കെട്ടിടനമ്പർ, ഒക്യുപ്പെൻസി അനുവദിക്കുന്നതിന് സമ്മതപത്രവും അനുവദിച്ചതിനാലും ശ്യാമള ടി ആർ എന്നവരുടെ വീടിന് KPBR-2019 പ്രകാരമുള്ള റെഗുലറൈസേഷൻ നടപടികൾക്ക് വിധേയമായി കെട്ടിട നമ്പർ അനുവദിക്കാവുന്നതാണെന്ന് അദാലത്ത് ഉപസമിതി തീരുമാനിച്ചകാര്യം അറിയിക്കുന്നു.

വിശ്വസ്തതയോടെ,

ഇന്റേണൽ വിജിലൻസ് ഓഫീസർ,
തദ്ദേശ സ്വയംഭരണ വകുപ്പ്,
കണ്ണൂർ.

പകർപ്പ്-സെക്രട്ടറി പായം ഗ്രാമപഞ്ചായത്ത്